**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് പെൻഷൻ നൽകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എത്ര തുകയാണ് നൽകുന്നതെന്നും ഈ തുക എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും അറിയിക്കാമോ; | (ബി) | 2021 ഏപ്രിൽ മുതൽ പ്രതിമാസം 1,600/- രൂപ നിരക്കിലാണ് പെൻഷൻ നൽകി വരുന്നത്. |
| (സി) | ക്ഷീര കർഷകർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) | ക്ഷേമനിധി അംഗമായി കേരളത്തിലെ ക്ഷീരസംഘങ്ങൾ മുഖേന കുറഞ്ഞത് 500 ലിറ്റർ വീതം അഞ്ച് വർഷം പാൽ നൽകിയിട്ടുള്ളതും 60 വയസ്സ് പൂർത്തിയായതുമായ ക്ഷീരകർഷകർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 2007 ഏപ്രിൽ 13-ന് മുൻപ് ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ക്ഷീരകർഷകർ 5 വർഷം ഏതെങ്കിലും ക്ഷീര സംഘങ്ങളിൽ അംഗമായി ഇരുന്നിട്ടുള്ളതും, ടി കാലയളവിൽ 500 ലിറ്റർ പാൽ വീതം നൽകിയിട്ടുള്ളതുമായ 60 വയസ്സ് പൂർത്തിയായവർക്ക് ക്ഷേമനിധി പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർക്ക് പെൻഷന് പുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ; | (ഡി) | (1) മരണപ്പെടുന്ന പെൻഷണറുടെ അനന്തരാവകാശിക്ക് കുടുംബ പെൻഷൻ (പ്രതിമാസം 550/- രൂപ നിരക്കിൽ) (2) അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായം (5000/- രൂപ) (3) വിദ്യാഭ്യാസ ധനസഹായം (SSLC, (1000/- രൂപ) പ്ലസ്-2 (1500/- രൂപ), ബിരുദം (2000/- രൂപ), പ്രൊഫഷണൽ (2500/- രൂപ) (4) ചികിത്സാ ധനസഹായം (ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം) : അപകട മരണം 50,000/- രൂപ, മാരകരോഗങ്ങളുടെ ചികിത്സ 15,000/- രൂപ, പകർച്ചവ്യാധികളുടെ ചികിത്സ 2,000/- രൂപ. (5) |

| | | | |
|---|---|---|---|
| | | | ജില്ലാ, സംസ്ഥാന തലങ്ങളിൽ മികച്ച ക്ഷീരകർഷകരുള്ള അവാർഡ് (യഥാക്രമം 5000/- രൂപ, 10,000/- രൂപ) (6) കോവിഡ് ധനസഹായം (5000/- രൂപ) (7) മരണാനന്തര ധനസഹായം (3000/- രൂപ) |
| (ഇ) | മുഴുവൻ ക്ഷീര കർഷകരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കി അർഹരായവർക്ക് പെൻഷൻ നൽകുന്നതിന് ആലോചിക്കുന്നുണ്ടോ? | (ഇ) | കേരളത്തിൽ ക്ഷിരസംഘങ്ങൾ മുഖേന പാൽ നൽകുന്ന 18 വയസ്സ് പൂർത്തിയായ അർഹരായ എല്ലാ ക്ഷീരകർഷകർക്കും അംഗത്വം നൽകുന്നതിനു ക്ഷേമനിധി സമ്പൂർണ്ണ അംഗത്വ ക്യാമ്പെയിൻ ആരംഭിച്ചിട്ടുണ്ട്. അംഗത്വം ലഭിക്കുന്ന ക്ഷിരകർഷകരർക്ക് നിശ്ചിത യോഗ്യത നേടുന്ന മുറയ്ക്ക് പെൻഷനും അർഹതതയുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ